ജനനി-ജന്മരക്ഷ ആരോഗ്യ പദ്ധതി

332 (672) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി ആദിവാസി മേഖലയിലെ നവജാത ശിശുക്കളുടെ മരണങ്ങൾ കഴിഞ്ഞ അഞ്ചു വർഷത്തിലേത് പ്രത്യേകമായി ലഭ്യമാക്കുമോ ;

(ബി) ജനനി-ജന്മരക്ഷ ആരോഗ്യ പദ്ധതിപ്രകാരം ഈ സർക്കാരിന്റെ കാലത്ത് എത്ര തുക ഇവിടെ വിനിയോഗിച്ചിട്ടുണ്ടെന്ന് വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(സി) പ്രസ്തുത മേഖലയിൽ നവജാത ശിശുക്കളുടെ മരണനിരക്ക് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതിയുടെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ 5 വർഷങ്ങളിലെ കണക്ക് താഴെ ചേർക്കുന്നു :

2010	-	5
2011	-	3
2012	-	16
2013	-	31
2014	-	13 (നവംബർ വരെ)

ആകെ - 68

(ബി) 2013-14-15,31,000 രൂപ (പതിനഞ്ചു ലക്ഷത്തി മുപ്പത്തൊന്നായിരം രൂപ)

2014-15-14,91,000 രൂപ (പതിനാല് ലക്ഷത്തി തൊണ്ണൂറ്റൊന്നായിരം രൂപ)

നാളിതുവരെ ആകെ 30,22,000 രൂപ (മുപ്പത് ലക്ഷത്തി ഇരുപത്തി രണ്ടായിരം രൂപ)

LIBRARY ARCHIVES Kerala Legislative Assembly

(സി) ജാതക് സോഫ്റ്റ് വെയർ ഉപയോഗിച്ചു കൊണ്ട് SAM/MAN കുട്ടികളെ കൃത്യമായി നിരീക്ഷിക്കുകയും, ഇവർക്ക് മൂന്ന് ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ മുഖേന പ്രത്യേക പരിചരണവും ചികിത്സയും പോഷകാഹാര വിതരണവും നടത്തി വരുന്നുണ്ട്. 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ മുഖേന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മൂന്നു വയസ്സിന് താഴെയുള്ള ഇക്കുറവുള്ള കുട്ടികൾക്കും പ്രത്യേക പോഷകാഹാര വിതരണം നടത്തി വരുന്നു. വിവാഹം കഴിഞ്ഞിട്ടുള്ള സ്ത്രീകൾക്കും ഗർഭിണികൾക്കും അയൺ ഗുളികകൾ വിതരണം ചെയ്തു വരുന്നുണ്ട്.

101 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സമൂഹ അടുക്കളകൾ മികച്ച രീതിയിൽ നടത്തി വരുന്നു. ആരോഗ്യ പ്രവർത്തകർ, ആശാവർക്കർമാർ, പട്ടികവർഗ്ഗ പ്രമോട്ടർമാർ എന്നിവർ മുഖേന ഗർഭിണികളെ കൃത്യമായി പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

ജനനി ജന്മരക്ഷാ പദ്ധതി

333 (673) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായികവും ഫിഷറീസും തുറമുഖങ്ങളും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ജനനി ജന്മരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly